ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കിളിമാനൂർ നിജോകമണ്ഡലത്തിലെ ജനകീയാസൂത്രണ പദ്ധതി

110 (508) ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കിയതിന്റെ ഭാഗമായി കിളിമാനൂർ നിയോജകമണ്ഡലത്തിലെ പുളിമാത്ത്, പഴയകുന്നുമ്മേൽ, കിളിമാനൂർ, മടവൂർ, പള്ളിക്കൽ, നാവായിക്കുളം, കരവാരം, നഗരൂർ, മുദാക്കൽ എന്നീ പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾക്കായി മൊത്തം എത്ര രൂപ ചെലവായിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള അവയുടെ കണക്ക് എത്ര വീതമാണെന്നും വിശദമാക്കാമോ ?

ഉത്തരം

ജനകീയാസൂത്രണം ആരംഭിച്ചശേഷം 16-2-2001 വരെ പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ ആകെ 14,05,10.787 രൂപ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതത്തിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

പുളിമാത്ത്	1,88,47.885 രൂപ.
പഴയകുന്നുമ്മേൽ	1,59,57.910 രൂപ.
കിളിമാനൂർ	1,23,83.416 രൂപ.
മടവൂർ	1,17,38.874 രൂപ.
പള്ളിക്കൽ	97,84.546 രൂപ.
നാവായിക്കുളം	1,89,50.532 രൂപ.
കരവാരം	1,71,05.284 രൂപ.
നഗരൂർ	1,62,81.120 രൂപ.
മുദാക്കൽ	1,94,61.220 രൂപ.
ആകെ	14,05,10.787 രൂപ.

ജനകീയാസൂത്രണ പദ്ധതികൾ പ്രകാരം നൽകിയ ചെക്കുകൾ

111 (509) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കിയ ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾ നൽകിയ എത്ര ലക്ഷം രൂപയുടെ ചെക്കുകൾ മാറ്റുവാനായി ഇനിയും ബാക്കിയുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly